| 08-04-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - ഈ കണ്ണുകളിലൂടെ എന്തെല്ലാമാണോ കാണുന്നത് - ഇതെല്ലാം തന്നെ നശിക്കാൻ പോവുകയാണ്. അതുകൊണ്ട് ഇതിൽ നിന്നും പരിധിയില്ലാത്ത വൈരാഗ്യം വെക്കണം. ബാബ നിങ്ങൾക്കു വേണ്ടി പുതിയ ലോകം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്.**

**ചോദ്യം:-** നിങ്ങൾ കുട്ടികളുടെ ശാന്തിയിൽ ഏതൊരു രഹസ്യമാണ് അടങ്ങിയിട്ടുള്ളത്?
**ഉത്തരം:-** എപ്പോഴാണോ നിങ്ങൾ ശാന്തിയിൽ ഇരിക്കുന്നത് അപ്പോൾ ശാന്തിധാമത്തെയാണ് ഓർമ്മിക്കുന്നത്. നിങ്ങൾക്ക് അറിയാം ശാന്തി അർത്ഥം ജീവിച്ചിരിക്കെ മരിക്കുക. ഇവിടെ ബാബ നിങ്ങൾക്ക് സദ്ഗുരുവിന്റെ രൂപത്തിൽ ശാന്തിയിലിരിക്കാൻ പഠിപ്പിക്കുന്നു. നിങ്ങൾ ശാന്തിയിലിരുന്ന് വികർമ്മങ്ങളെ ഇല്ലാതാക്കുന്നു. നിങ്ങൾക്ക് ജ്ഞാനമുണ്ട് ഇപ്പോൾ വീട്ടിലേക്ക് പോകണം. മറ്റുള്ള സത്സംഗത്തിൽ ശാന്തിയിലിരിക്കുന്നു. പക്ഷേ അവർക്ക് ശാന്തിധാമത്തെക്കുറിച്ചുള്ള ജ്ഞാനമില്ല.

**ഓം ശാന്തി.** മധുരമധുരമായ സിക്കീലധേ(കളഞ്ഞുപോയി തിരികെക്കിട്ടിയ) ആത്മീയ കുട്ടികളെ പ്രതി ശിവബാബ സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ഗീതയിൽ ശ്രീകൃഷ്ണൻ പറഞ്ഞു എന്നാണ്, പക്ഷേ ശിവബാബയാണ് പറഞ്ഞത്, ശ്രീകൃഷ്ണനെ ഒരിക്കലും ബാബ എന്ന് പറയില്ല. ഭാരതവാസികൾക്ക് അറിയാം രണ്ട് അച്ഛന്മാരാണ്, ഒന്ന് ലൗകികം രണ്ടാമത് പാരലൗകികം. പാരലൗകിക അച്ഛനെ പരമപിതാവ് എന്നാണ് പറയുക. ലൗകിക അച്ഛനെ ഒരിക്കലും പരമപിതാവ് എന്ന് പറയില്ല. ലൗകിക പിതാവല്ല നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നത്. പാരലൗകിക അച്ഛൻ പാരലൗകിക കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു. ആദ്യമാദ്യം നിങ്ങൾ ശാന്തിധാമത്തിലേക്കാണ് പോകുന്നത്. ഇതിനെ മുക്തിധാമം വാനപ്രസ്ഥം നിർവ്വാണധാമം എന്നെല്ലാം പറയുന്നു. ഇപ്പോൾ ബാബ പറയുന്നു - കുട്ടികളേ, ഇപ്പോൾ ശാന്തിധാമത്തിലേക്ക് പോകണം. അതിനെ മാത്രമാണ് ശാന്തിയുടെ കൊടുമുടി എന്ന് പറയുന്നത്. ഇവിടെയിരുന്നുകൊണ്ടും ആദ്യമാദ്യം ശാന്തിയിലിരിക്കണം. പക്ഷേ മറ്റുള്ളവർക്ക് ശാന്തിധാമത്തിനെക്കുറിച്ചുള്ള ജ്ഞാനമില്ല. കുട്ടികൾക്ക് അറിയാം നമ്മൾ ആത്മാക്കൾക്ക് ഈ പഴയ ശരീരത്തെ ഉപേക്ഷിച്ച് വീട്ടിലേക്ക് പോകണം. ഏതു സമയത്തു വേണമെങ്കിലും ഈ ശരീരം നശിക്കും അതുകൊണ്ട് ബാബ എന്താണോ പഠിപ്പിക്കുന്നത് അത് നല്ല രീതിയിൽ പഠിക്കണം. ബാബ സുപ്രീം(ഉയർന്ന) ടീച്ചറാണ്. സദ്ഗതിദാതാവായ ഗുരുവുമാണ്, അതുകൊണ്ട് ബാബയുമായി യോഗം വെക്കണം. ഈ ഒരാൾ തന്നെയാണ് മൂന്നു തരത്തിലുള്ള സേവനവും ചെയ്യുന്നത്. ഇങ്ങനെ മറ്റൊരാൾ പോലും മൂന്നു തരത്തിലുള്ള സേവനവും ചെയ്യുന്നില്ല. ഈയൊരു ബാബ തന്നെയാണ് ശാന്തിയിലിരിക്കാനും നമ്മെ പഠിപ്പിക്കുന്നത്. ജീവിച്ചിരിക്കെ മരിക്കുന്നതിനെ തന്നെയാണ് ശാന്തിയിലിരിക്കുക എന്ന് പറയുന്നത്. നിങ്ങൾക്ക് അറിയാം നമുക്കിപ്പോൾ ശാന്തിധാമത്തിലേക്ക് അതായത് വീട്ടിലേക്ക് പോകണം. ഏതുവരെ പവിത്രാത്മാക്കളായി മാറുന്നില്ലയോ അതുവരെയ്ക്കും വീട്ടിലേക്ക് പോകാൻ സാധിക്കില്ല. എല്ലാവർക്കും പോകണം, അതുകൊണ്ടാണ് പാപകർമ്മത്തിന്റെ ശിക്ഷകൾ അവസാനസമയത്ത് ലഭിക്കുന്നത്. പിന്നീട് പദവിയും നഷ്ടപ്പെടുന്നു. ശിക്ഷയും ലഭിക്കും, പിന്നീട് ചില്ലറ പദവിയും ലഭിക്കുന്നു. കാരണം മായയോട് പരാജയപ്പെടുന്നു. ബാബ വരുന്നത് മായയുടെ മേൽ വിജയിപ്പിക്കുന്നതിനായാണ്. പക്ഷേ തെറ്റിൽ പെട്ട് ബാബയെ ഓർമ്മിക്കുന്നില്ല. ഇവിടെ ഒരേയൊരു ബാബയെത്തന്നെ വേണം ഓർമ്മിക്കാൻ. ഭക്തിമാർഗ്ഗത്തിലും ധാരാളം അലയുന്നുണ്ട്. ആരുടെ മുന്നിലാണോ തല കുനിക്കുന്നത് അവരെത്തന്നെ അറിയുന്നില്ല. ബാബ വന്ന് അലയുന്നതിൽ നിന്നും മുക്തമാക്കുകയാണ്. മനസ്സിലാക്കിത്തരുന്നു ജ്ഞാനം പകലാണ് ഭക്തി രാത്രിയും. രാത്രിയിലാണ് ബുദ്ധിമുട്ടേണ്ടി വരുക. ജ്ഞാനത്തിലൂടെ പകൽ അതായത് സത്യ-ത്രേതായുഗം. ഭക്തി അർത്ഥം രാത്രി അതായത് ദ്വാപര-കലിയുഗം. ഇതാണ് മുഴുവൻ ഡ്രാമയുടെ കാലയളവ്. പകുതി സമയം പകലും പകുതി സമയം രാത്രിയുമാണ്. പ്രജാപിതാ ബ്രഹ്മാകുമാരി-കുമാരന്മാരുടെ പകലും രാത്രിയുമാണ്. ഇത് പരിധിയില്ലാത്ത കാര്യമാണ്. പരിധിയില്ലാത്ത അച്ഛൻ പരിധിയില്ലാത്ത സംഗമത്തിലാണ് വരുന്നത്. അതുകൊണ്ടാണ് ശിവരാത്രി എന്ന് പറയുന്നത്. ശിവരാത്രി എന്ന് എന്തിനെയാണ് പറയുന്നത് എന്ന് മനുഷ്യന് അറിയുന്നില്ല. നിങ്ങൾക്കല്ലാതെ മറ്റാർക്കും തന്നെ ശിവരാത്രിയുടെ മഹത്വത്തെക്കുറിച്ച് മനസ്സിലാക്കിത്തരാൻ സാധിക്കില്ല കാരണം ഇത് മദ്ധ്യത്തിലാണ്. രാത്രി പൂർത്തിയായി പിന്നീട് പകൽ ആരംഭിക്കുകയാണ്. ഇതിനെയാണ് പുരുഷോത്തമ സംഗമയുഗം എന്ന് പറയുന്നത്. പഴയലോകത്തിന്റെയും പുതിയലോകത്തിന്റെയും മദ്ധ്യം. ബാബ വരുന്നതു തന്നെ പുരുഷോത്തമ സംഗമയുഗത്തിലാണ്. അല്ലാതെ ഓരോ യുഗത്തിലും വരുന്നില്ല. സത്യ-ത്രേതായുഗത്തിന്റെ സംഗമത്തെയും സംഗമയുഗം എന്നു പറയുന്നത് വളരെ വലിയതെറ്റാണ്.

ശിവബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ പാപം നശിക്കുന്നു. ഇതിനെ യോഗാഗ്നി എന്നും പറയുന്നു. നിങ്ങൾ എല്ലാവരും ബ്രാഹ്മണരാണ്. യോഗം പഠിക്കുന്നത് പവിത്രമായിത്തീരാനാണ്. മറ്റുള്ള ബ്രാഹ്മണർ നിങ്ങളെ കാമചിതയിലേക്കാണ് കയറ്റുന്നത്. മറ്റുള്ള ബ്രാഹ്മണരും നിങ്ങൾ ബ്രാഹ്മണരും തമ്മിൽ രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. അവർ കുഖവംശാവലികളാണ്, നിങ്ങൾ മുഖവം ശാവലികളാണ്. ഓരോരോ കാര്യങ്ങളും വളരെ നല്ല രീതിയിൽ മനസ്സിലാക്കേണ്ടതാണ്. ആരു വന്നാലും അവർക്ക് മനസ്സിലാക്കി കൊടുക്കേണ്ടതായുണ്ട് പരിധിയില്ലാത്ത അച്ഛനെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം നശിക്കും പരിധിയില്ലാത്ത അച്ഛനിൽ നിന്നുമുള്ള സമ്പത്തും ലഭിക്കുന്നു. പിന്നീട് എത്രത്തോളം ദൈവീകഗുണങ്ങൾ ധാരണ ചെയ്യുന്നുവോ ചെയ്യിപ്പിക്കുന്നുവോ അത്രത്തോളം ഉയർന്ന പദവിയും ലഭിക്കുന്നു. ബാബ വരുന്നതു തന്നെ പതിതരെ പാവനമാക്കുന്നതിനാണ്. അപ്പോൾ നിങ്ങൾക്കും ഈ സേവനം ചെയ്യണം. എല്ലാവരും പതിതരാണ്. ഗുരുക്കന്മാർക്ക് ആരെയും പാവനമാക്കാൻ സാധിക്കില്ല. പതിതപാവനൻ എന്ന പേര് ശിവബാബയുടെതാണ്. ബാബ വരുന്നത് തന്നെ ഇവിടേക്കാണ്. എപ്പോഴാണോ ഡ്രാമാ പ്ലാനനുസരിച്ച് എല്ലാവരും പതിതമായിത്തീരുന്നത് അപ്പോഴാണ് ബാബ വരുന്നത്. ആദ്യം തന്നെ നിങ്ങൾക്ക് ബാബ മനസ്സിലാക്കിത്തരുന്നത് ഇതാണ് എന്നെത്തന്നെ ഓർമ്മിക്കൂ. നിങ്ങൾ അവരെ പതിതപാവനാ എന്ന് വിളിക്കുന്നു. ആത്മീയ അച്ഛനെയാണ് പതിതപാവനൻ എന്ന് പറയുന്നത്. വിളിക്കുന്നത് – അല്ലയോ ഭഗവാനേ, അല്ലയോ ബാബാ എന്നാണ്. പക്ഷേ ആർക്കും തന്നെ പരിചയമില്ല. ഇപ്പോൾ നിങ്ങൾ സംഗമയുഗികൾക്ക് പരിചയം ലഭിക്കുന്നു. അവർ നരകവാസികളാണ്, നിങ്ങൾ നരകവാസികളല്ല. പക്ഷേ അഥവാ ആരെങ്കിലും തോൽക്കുകയാണെങ്കിൽ ഒറ്റയടിക്ക് വീണുപോകും. സമ്പാദ്യമെല്ലാം തന്നെ നഷ്ടപ്പെടുന്നു. പതിതത്തിൽ നിന്നും പാവനമായിത്തീരുക എന്നുള്ളതാണ് മുഖ്യമായ കാര്യം. ഇത് വികാരി ലോകമാണ്. എവിടെയാണോ ദേവതകൾ രാജ്യം ഭരിക്കുന്നത്, അത് നിർവ്വികാരിലോകമാണ്, പുതിയലോകമാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഇത് അറിഞ്ഞു കഴിഞ്ഞു. ആദ്യമാദ്യം ദേവതകൾ തന്നെയാണ് ഏറ്റവും കൂടുതൽ ജന്മമെടുക്കുന്നത്. അതിലും ആരാണോ ആദ്യത്തെ സൂര്യവംശികൾ അവർ ആദ്യം വരുന്നു. 21 ജന്മങ്ങളുടെ സമ്പത്ത് നേടുന്നു. പവിത്രത, സുഖം, ശാന്തി ഇവയുടെ പരിധിയില്ലാത്ത സമ്പത്താണ്. സത്യയുഗത്തെയാണ് പൂർണ്ണ സുഖധാമം എന്നു പറയുന്നത്. ത്രേതായുഗത്തിൽ പകുതി സുഖം മാത്രമേയുള്ളൂ കാരണം രണ്ടു കല കുറയുന്നു. കല കുറയുന്നതിലൂടെ പ്രകാശം കുറയുന്നു. ചന്ദ്രന്റെയും കല കുറയുന്നതിലൂടെ പ്രകാശം കുറയുന്നു. അവസാനം ഒരു വര മാത്രമായി അവശേഷിക്കുന്നു. പൂർണ്ണമായും അപ്രത്യക്ഷമാകുന്നില്ല. നിങ്ങളുടെയും അങ്ങനെത്തന്നെയാണ് പൂർണ്ണമായും ഇല്ലാതാകുന്നില്ല. ഇതിനെയാണ് ആട്ടയിൽ(ഗോതമ്പ്) ഉപ്പു പോലെയുള്ള സത്യമെന്ന് പറയുന്നത്.

ബാബ ആത്മാക്കൾക്കാണ് മനസ്സിലാക്കിത്തരുന്നത്. ഇത് ആത്മാക്കളുടെയും പരമാത്മാവിന്റെയും മേളയാണ്. ഇതിൽ ബുദ്ധി ഉപയോഗപ്പെടുത്തണം. പരമാത്മാവ് എപ്പോഴാണ് വരുന്നത്? എപ്പോഴാണോ ധാരാളം മനുഷ്യർ അഥവാ ആത്മാക്കൾ ഉണ്ടാകുന്നത്, അപ്പോഴാണ് പരമാത്മാവ് മേളയിലേക്ക് വരുന്നത്. ആത്മാക്കളുടെയും പരമാത്മാവിന്റെയും മേള എന്തിനാണ് ഉണ്ടാകുന്നത്? ഭക്തിയിലുള്ള മേള വീണ്ടും അഴുക്കായിത്തീരുന്നതിനാണ്. ഈ സമയത്ത് നിങ്ങൾ പൂന്തോട്ടക്കാരനിലൂടെ മുള്ളിൽ നിന്നും പുഷ്പത്തിനു സമാനമായിത്തീർന്നുകൊണ്ടിരിക്കുന്നു. എങ്ങനെയായിത്തീരുന്നു? ഓർമ്മയുടെ ബലത്തിലൂടെ. ബാബയെ സർവ്വശക്തനെന്നു പറയുന്നു. എങ്ങനെയാണോ ബാബ സർവ്വശക്തൻ അതുപോലെ രാവണന്റെ ശക്തിയ്ക്കും ഒട്ടും കുറവില്ല. ബാബ സ്വയം പറയുന്നു, മായ വളരെയധികം ബലവാനാണ്, സമർത്ഥനാണെന്ന്. പറയുന്നു ബാബാ, ഞങ്ങൾ അങ്ങയെ ഓർമ്മിക്കുമ്പോൾ, മായ മറപ്പിക്കുന്നു. പരസ്പരം ഇപ്പോൾ ശത്രുവായിത്തീർന്നില്ലേ. ബാബ വന്ന് മായയുടെ മേൽ വിജയം പ്രാപ്തമാക്കി തരുന്നു, മായ പിന്നീട് തോൽപ്പിക്കുന്നു. ദേവതകളുടെയും അസുരന്മാരുടെയും യുദ്ധത്തെ കാണിച്ചിട്ടുണ്ട്. പക്ഷേ അങ്ങനെ സംഭവിച്ചിട്ടില്ല. ഇതാണ് യുദ്ധം. നിങ്ങൾ ബാബയെ ഓർമ്മിക്കുന്നതിലൂടെ ദേവതയായിത്തീരുന്നു. മായ ഓർമ്മയിലാണ് വിഘ്നത്തെ ഉണ്ടാക്കുന്നത്, പഠിപ്പിൽ വിഘ്നം ഉണ്ടാക്കുകയില്ല. ഓർമ്മയിൽ തന്നെയാണ് വിഘ്നം ഉണ്ടാകുന്നത്. ഇടയ്ക്കിടെ മായ മറപ്പിക്കുന്നു. ദേഹാഭിമാനിയായിത്തീരുന്നിതലൂടെ മായയുടെ അടി ഏൽക്കുന്നു. ആരാണോ കാമികൾ അവരെപ്രതി കടുത്ത വാക്കുകളാണ് പറയുക. ഇത് രാവണരാജ്യമാണ്. ഇവിടെയും പാവനമായിത്തീരാൻ പറഞ്ഞാൽ ആകുന്നില്ല. ബാബ പറയുന്നു, കുട്ടികളേ വികാരത്തിലേക്ക് പോകരുത് മുഖത്തെ കറുപ്പിക്കരുത്. പിന്നെയും എഴുതുന്നു ബാബാ മായ തോൽപ്പിച്ചു, അതായത് മുഖത്തെ കറുപ്പിച്ചു. വെളുത്തവരും കറുത്തവരും എന്നു പറയാറുണ്ട്. വികാരികൾ കറുത്തവരും നിർവ്വികാരികൾ വെളുത്തവരുമാണ്. ശ്യാമസുന്ദറിന്റെയും അർത്ഥം ലോകത്തിൽ നിങ്ങൾക്കല്ലാതെ മറ്റാർക്കും തന്നെ അറിയില്ല. കൃഷ്ണനെയും ശ്യാമസുന്ദർ എന്ന് പറയാറുണ്ട്. ബാബ അവരുടെ തന്നെ പേരിന്റെ അർത്ഥമാണ് മനസ്സിലാക്കിത്തരുന്നത്. സ്വർഗ്ഗത്തിലെ ആദ്യത്തെ രാജകുമാരനായിരുന്നു. മനോഹാരിതയിൽ നമ്പർവൺ ഇവരാണ്. പിന്നീട് പുനർജന്മങ്ങൾ എടുത്തെടുത്ത് താഴേക്ക് ഇറങ്ങി വന്ന്

കറുത്തതായിമാറി. അപ്പോൾ പേര് ശ്യാമസുന്ദർ എന്നായി. ഇതിന്റെ അർത്ഥവും ബാബയാണ് മനസ്സിലാക്കിത്തരുന്നത്. ശിവബാബ സദാ സുന്ദരനാണ്. ബാബ വന്ന് തന്റെ കുട്ടികളെ സുന്ദരനാക്കിമാറ്റുന്നു. പതിതർ കറുത്തവരും പാവനമായവർ സുന്ദരവുമായിത്തീരുന്നു. പ്രകൃതിപരമായ സൗന്ദര്യമാണ്. നിങ്ങൾ കുട്ടികൾ വന്നിരിക്കുന്നതു തന്നെ സ്വർഗ്ഗത്തിന്റെ അധികാരികളായിത്തീരാനാണ്. ഇങ്ങനെയൊരു മഹിമയുണ്ട്, ശിവഭഗവാനുവാച മാതാക്കളിലൂടെയാണ് സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കപ്പെടുന്നത്, അതുകൊണ്ട് വന്ദേമാതരം എന്നു പറയുന്നു. വന്ദേമാതരം എന്നു പറയുമ്പോൾ ഉറപ്പാണ് പിതാവുമുണ്ടെന്ന്. ബാബ മാതാക്കളുടെ മഹിമയെ വർദ്ധിപ്പിക്കുന്നു. ആദ്യം ലക്ഷ്മി പിന്നീട് നാരായണനാണ്. ഇവിടെയാണെങ്കിൽ ആദ്യം മിസ്റ്റർ പിന്നീടാണ് മിസ്സിസ്സ് എന്നു വെക്കുന്നത്. ഡ്രാമയുടെ രഹസ്യം ഇങ്ങനെയാണ് ഉണ്ടാക്കപ്പെട്ടിട്ടുള്ളത്. ബാബയാകുന്ന രചയിതാവ് ആദ്യം തന്റെ പരിചയത്തെ നൽകുന്നു. ഒന്ന് പരിധിയുള്ള ലൗകിക പിതാവ് മറ്റൊന്ന് പരിധിയില്ലാത്ത പാരലൗകിക പിതാവ്. പരിധിയില്ലാത്ത അച്ഛനെ ഓർമ്മിക്കുന്നതു തന്നെ പരിധിയില്ലാത്ത സമ്പത്ത് നേടുന്നതിനാണ്. പരിധിയുള്ള സമ്പത്ത് ലഭിച്ചിട്ടും പരിധിയില്ലാത്ത അച്ഛനെ ഓർമ്മിക്കുന്നു. ബാബാ അങ്ങ് വരുകയാണെങ്കിൽ ഞങ്ങൾ മറ്റെല്ലാ സംഗവും ഉപേക്ഷിച്ച്, അങ്ങുമായി മാത്രം കൂട്ടുവെക്കും. ഇത് ആരാണ് പറഞ്ഞത്? ആത്മാക്കൾ. ആത്മാക്കൾ ഈ അവയവത്തിലൂടെ പാർട്ട് അഭിനയിക്കുന്നു. ഓരോ ആത്മാവും ഏതുരീതിയിലുള്ള കർമ്മമാണോ ചെയ്യുന്നത് അതനുസരിച്ച് ജന്മമെടുക്കുന്നു. ധനവാന്മാർ സാധാരണക്കാരനായിത്തീരുന്നു ഇതും കർമ്മമാണ്. ഈ ലക്ഷ്മി-നാരായണൻ വിശ്വത്തിന്റെ അധികാരികളാണ്. ഇവർ ഇങ്ങനെയായിത്തീരാൻ എന്താണ് ചെയ്തതെന്ന് നിങ്ങൾക്കറിയാം ഇത് നിങ്ങൾക്കേ മനസ്സിലാക്കി കൊടുക്കാൻ സാധിക്കൂ.

ബാബ പറയുന്നു ഈ കണ്ണുകളിലൂടെ നിങ്ങൾ എന്തെല്ലാമാണോ കാണുന്നത്, അതിനോട് വൈരാഗ്യം ഉണ്ടായിരിക്കണം. ഇതെല്ലാം തന്നെ നശിക്കാൻ പോവുകയാണ്. പുതിയ കെട്ടിടം ഉണ്ടാക്കുമ്പോൾ പഴയതിനോട് വൈരാഗ്യം ഉണ്ടാകുന്നു. കുട്ടികൾ പറയുന്നു, അച്ഛൻ പുതിയ കെട്ടിടം ഉണ്ടാക്കിയിരിക്കുന്നു, ഞങ്ങൾ അതിലേക്ക് പോകുന്നു എന്ന്. ഈ പഴയ കെട്ടിടം തവിടുപൊടിയായിത്തീരും. ഇതെല്ലാം തന്നെ പരിധിയില്ലാത്ത കാര്യങ്ങളാണ്. കുട്ടികൾക്ക് അറിയാം ബാബ വന്നിരിക്കുകയാണ് പുതിയലോകത്തിന്റെ സ്ഥാപന നിർവ്വഹിക്കാൻ. ഇത് പഴയ അഴുക്കു നിറഞ്ഞ ലോകമാണ്.

നിങ്ങൾ കുട്ടികൾ ഇപ്പോൾ ത്രിമൂർത്തി ശിവന്റെ മുന്നിലാണ് ഇരിക്കുന്നത്. നിങ്ങൾ വിജയം പ്രാപ്തമാക്കുന്നു. വാസ്തവത്തിൽ നിങ്ങളുടേത് ത്രിമൂർത്തിയുടെ കോട്ട് ഓഫ് ആർമ്സാണ് (കുലമുദ്ര). നിങ്ങൾ ബ്രാഹ്മണരുടെ ഈ കുലം ഏറ്റവും ഉയർന്നതാണ്. കുടുമയാണ്. ഇവിടെ രാജധാനിയുടെ സ്ഥാപനയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ കോട്ട് ഓഫ് ആർമ്സിനെക്കുറിച്ച് നിങ്ങൾ ബ്രാഹ്മണർക്കു മാത്രമേ അറിയൂ. ശിവബാബ നമ്മെ ബ്രഹ്മാവിലൂടെ പഠിപ്പിക്കുന്നു, ദേവതയായിത്തീരുന്നതിനായി. വിനാശം സംഭവിക്കുക തന്നെ വേണം. ലോകം തമോപ്രധാനമായിത്തീരുമ്പോൾ പ്രകൃതിക്ഷോഭവും സഹായിക്കുന്നു. ശാസ്ത്രജ്ഞന്മാർ ബുദ്ധികൊണ്ട് എന്തെല്ലാമാണ് കണ്ടുപിടിച്ചുകൊണ്ടിരിക്കുന്നത്. അല്ലാതെ വയറ്റിൽ നിന്നും ഇരുമ്പുലക്കകൾ ഉണ്ടാകുന്നില്ല. ഇത് ശാസ്ത്രജ്ഞരാണ് നിർമ്മിച്ചത്, ഇതിലൂടെ മുഴുവനും കുലത്തിന്റെ നാശമുണ്ടാകുന്നു. കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് ഏറ്റവും ഉയർന്നത് ശിവബാബയാണ്. പൂജ ചെയ്യേണ്ടതും ഒരേയൊരു ശിവബാബയുടേതും ദേവതകളുടേതുമാണ്. ബ്രാഹ്മണരുടെ പൂജ ഒരിക്കലും ഉണ്ടാകുന്നില്ല കാരണം നിങ്ങളുടെ ആത്മാവ് പവിത്രമായിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും ശരീരം പവിത്രമല്ല. അതുകൊണ്ട് പൂജയ്ക്ക് യോഗ്യരല്ല. മഹിമയ്ക്ക് യോഗ്യരാണ്. വന്ദേമാതരം എന്നു പറയാറുണ്ട്. മാതാക്കളുടെ സൈന്യം എന്തുചെയ്തു? മാതാക്കൾ തന്നെയാണ് ശ്രീമത്ത് പ്രകാരം ജ്ഞാനം നൽകിയത്. മാതാക്കൾ എല്ലാവരെയും ജ്ഞാനാമൃതം കുടിപ്പിക്കുന്നു. യഥാർത്ഥരീതിയിൽ നിങ്ങൾ തന്നെയാണ് മനസ്സിലാക്കുന്നത്. ശാസ്ത്രങ്ങളിൽ വളരെയധികം കഥകൾ എഴുതപ്പെട്ടിട്ടുണ്ട്. അതാണ് അവർ കേൾപ്പിക്കുന്നത്. നിങ്ങൾ അതെല്ലാം തന്നെ സത്യം സത്യം എന്നു പറഞ്ഞിരുന്നു. നിങ്ങളും ഇത് അവർക്ക് കേൾപ്പിച്ചു കൊടുക്കുകയാണെങ്കിൽ അവർ സത്യം സത്യം എന്ന് പറയും. ഇപ്പോൾ നിങ്ങൾക്ക് ഇതിനെയൊന്നും സത്യം സത്യം എന്ന് പറയാൻ സാധിക്കില്ല. മനുഷ്യർ കല്ലു ബുദ്ധികളായതുകൊണ്ടാണ് സത്യം സത്യം എന്ന് പറഞ്ഞു കൊണ്ടിരിക്കുന്നത്. ഇങ്ങനെയൊരു മഹിമയുമുണ്ട് കല്ലുബുദ്ധികളും പവിഴബുദ്ധികളും. പവിഴപുരിയിലെ നാഥന്മാരെയാണ് പവിഴബുദ്ധികളെന്ന് പറയുന്നത്. നേപ്പാളിൽ ഇതിന്റെ ചിത്രമുണ്ട്. പവിഴപുരിയിലെ നാഥനാണ് ലക്ഷ്മി-നാരായണൻ. അത് അവരുടെ കുലമാണ്. ഇപ്പോൾ മുഖ്യമായ കാര്യമിതാണ് രചയിതാവിന്റെയും രചനയുടേയും രഹസ്യത്തെക്കുറിച്ച് അറിയുക. ഇതിനെക്കുറിച്ചാണ് ഋഷിമുനിമാർ അറിയില്ല അറിയില്ല എന്ന് പറഞ്ഞ് വന്നത്. ഇപ്പോൾ നിങ്ങൾ ബാബയിലൂടെ സർവ്വതും അറിഞ്ഞു കഴിഞ്ഞു. അതായത് ആസ്തികരായി മാറി. മായാ രാവണൻ നാസ്തികരാക്കി മാറ്റി. ശരി.
വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവു

മായ ബാപ്ദാദയുടെ സ്നേഹസ്മരണയും  സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക്  നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യ സാരം:-

1) സദാ സ്മൃതിയുണ്ടായിരിക്കണം നമ്മൾ ബ്രഹ്മാ മുഖവംശാവലികളായ ബ്രാഹ്മണരാണ്. നമ്മൾ ഏറ്റവും ഉയർന്ന കുലത്തിലുള്ളവരാണ്. നമുക്ക് പവിത്രമായിത്തീരണം, പവിത്രമാക്കി മാറ്റണം. പതിതപാവനനായ ബാബയുടെ സഹയോഗിയായിമാറണം.

2) ഓർമ്മയുടെ കാര്യത്തിൽ ഒരിക്കലും തെറ്റ് ചെയ്യരുത്. ദേഹാഭിമാനം കാരണമാണ് മായ ഓർമ്മയിൽ വിഘ്നം ഉണ്ടാക്കുന്നത്. അതുകൊണ്ട് ആദ്യം ദേഹാഭിമാനത്തെ ഉപേക്ഷിക്കണം. യോഗാഗ്നിയിലൂടെ പാപത്തെ നശിപ്പിക്കണം.

## വരദാനം:- സാധനങ്ങളുടെ പ്രവൃത്തിയിൽ കഴിഞ്ഞുകൊണ്ടും കമലപുഷ്പ സമാനം വേറിട്ടവരും പ്രിയപ്പെട്ടവരുമായി കഴിയുന്ന പരിധിയില്ലാത്ത വൈരാഗിയായി ഭവിക്കൂ

സാധനങ്ങൾ ലഭിക്കുകയാണെങ്കിൽ അതിനെ വിശാല ഹൃദയത്തോടെ ഉപയോഗിക്കൂ, ഈ സാധനങ്ങൾ ഉള്ളത് തന്നെ താങ്കൾക്ക് വേണ്ടിയാണ്, എന്നാൽ സാധനയെ മറക്കരുത്. പൂർണ്ണമായ ബാലൻസ് ഉണ്ടായിരിക്കണം. സാധനം മോസശമല്ല, സാധനം താങ്കളുടെ കർമ്മത്തിന്റെ, യോഗത്തിന്റെ ഫലമാണ്. എന്നാൽ സാധനത്തിന്റെ പ്രവൃത്തിയിൽ കഴിഞ്ഞു കൊണ്ട് കമലപുഷ്പ സമാനം വേറിട്ടതും ബാബയ്ക്ക് പ്രിയപ്പെട്ടതുമാകൂ. ഉപയോഗിച്ചുകൊണ്ട് അതിന്റെ പ്രഭാവത്തിലേക്ക് വരരുത്. സാധനങ്ങളിൽ പരിധിയില്ലാത്ത വൈരാഗ്യ വൃത്തി മറഞ്ഞുപോകരുത്. ആദ്യം സ്വയത്തിൽ ഇത് പ്രത്യക്ഷമാക്കൂ ശേഷം വിശ്വത്തിന്റെ വായുമണ്ഡലത്തിൽ പരത്തൂ.

## സ്ലോഗൻ:- പരവശവരായവരെ സ്വസ്ഥിതിയിൽ ഇരുത്തുന്നത് തന്നെയാണ് ഏറ്റവും നല്ല സേവനം.